# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി XII
## (ആരോഗ്യവും കുടുംബക്ഷേമവും)

### 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XII
## (ആരോഗ്യവും കുടുംബക്ഷേമവും)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1187/2018.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

## (ആരോഗ്യവും കുടുംബക്ഷേമവും)

## (2016-2018)

### ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ഗീതാ ഗോപി

ശ്രീ. സി. മമ്മൂട്ടി

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പി. കെ. ശശി

ശ്രീ. ബി. സത്യൻ

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. സജി ചെറിയാൻ*.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

---

*2018 ജൂൺ 13 ബുള്ളറ്റിൻ-ഭാഗം 2 നമ്പർ 501 പ്രകാരം 8-6-2018-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ടു

## അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥന, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥന, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥന (പോഷകാഹാരം) എന്നിവയിൻമേലുള്ള 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനെയും ആയുഷ് വകുപ്പിനെയും സംബന്ധിച്ച 72 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ എല്ലാ ശിപാർശകളിൻമേലും മറുപടി ലഭിക്കുകയും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 16-5-2018-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും അവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2018 ജൂൺ 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി - XII.*

തിരുവനന്തപുരം,
2018 ജൂൺ 19.

# റിപ്പോർട്ട്

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി XII-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഭാഗം-I

## സമിതിയുടെ ശിപാർശകളും സർക്കാരിൽ നിന്നു ലഭിച്ച മറുപടികളും

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

## ആരോഗ്യവകുപ്പ്

ശിപാർശ

2210-01-110-13—അടിയന്തര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ

ആലപ്പുഴ ജനറൽ ആശുപത്രിയിൽ അടിയന്തര വൈദ്യ ശുശ്രൂഷ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനം, അനുബന്ധ സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-14—പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയതായി രണ്ട് ആശുപത്രികളിൽ കൂടി ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ ചെലവിനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

1187/2018.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-15—കൊല്ലം, എറണാകുളം, കോഴിക്കോട് ആശുപത്രികളിൽ കാത്ത് ലാബും, ഐ. സി. യു. വും സ്ഥാപിക്കൽ

ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങൾ കണക്കിലെടുത്ത് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബും ഐ.സി.യു യൂണിറ്റും സ്ഥാപിക്കുന്നതിനായി ഓരോ ആശുപത്രിയുടെയും അടിസ്ഥാന സൗകര്യവികസനം, അവശ്യതസ്തിക സൃഷ്ടിക്കൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ നിർവ്വഹിക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പദ്ധതി പൂർത്തീകരണത്തിനായും നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 1400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-25—തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആസ്ഥാന ആശുപത്രികളിൽ പ്രസവ യൂണിറ്റ് സ്ഥാപിക്കൽ

താലൂക്ക് ആസ്ഥാനത്തുള്ള ആശുപത്രികളിൽ പ്രസവ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-26 —ലഹരി വിമുക്ത കേന്ദ്രങ്ങൾ

കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിൽ ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-35—ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ

ആരോഗ്യ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തലിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു ജില്ലാ ആശുപത്രി, ഓരോ താലൂക്കിലും ഒരു താലൂക്ക് ആശുപത്രി, ഓരോ റവന്യൂ ബ്ലോക്കിലും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവ ശക്തിപ്പെടുത്തുന്നതിലേക്കായി സ്പെഷ്യാലിറ്റി സൗകര്യങ്ങൾ നടപ്പിലാക്കുക, ആശുപത്രിയിലേക്കുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-84—മാനസിക ആരോഗ്യ കേന്ദ്രം, തൃശ്ശൂർ

തൃശ്ശൂർ മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 2235 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-01-110-85 —<u>മാനസിക ആരോഗ്യ കേന്ദ്രം, തിരുവനന്തപുരം</u>

ബഡ്ജറ്റ് വിഹിതം: 200 ലക്ഷം രൂപ (പ്ലാൻ)

തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഫോറൻസിക് ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-06-003-90—<u>സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രം-തിരുവനന്തപുരം</u>

ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട മെഡിക്കൽ ഓഫീസർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും പരിശീലനം നൽകുന്നതിനായുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-107-92—നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗ നിർണ്ണയ പദ്ധതി

നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗ നിർണ്ണയ പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രസവാശുപത്രികളിലും വ്യാപിപ്പിക്കുന്നതിനായുള്ള ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-107-99—പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ

പുതുതായി ആരംഭിച്ച മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ പ്രവർത്തന ച്ചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്ത മല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

4210-01-110-74—ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള നിർമ്മാണ ജോലികൾ

നടപ്പുവർഷം ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനും നിർമ്മാണ ത്തിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5,000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

ശിപാർശ

2210-01-110-83—മാനസിക ആരോഗ്യ കേന്ദ്രം, കോഴിക്കോട്

01—ശമ്പളം

കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിൽ പുതുതായി സൃഷ്ടിച്ച ലാബ് ടെക്നീഷ്യൻ തസ്തികയുടെ ശമ്പള ചെലവിനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക ലഭിച്ചിട്ടില്ല.

ശിപാർശ

2210-01-110-84—മാനസിക ആരോഗ്യ കേന്ദ്രം, തൃശ്ശൂർ

01—ശമ്പളം

തൃശ്ശൂർ മാനസിക ആരോഗ്യ കേന്ദ്രത്തിൽ പുതുതായി സൃഷ്ടിച്ച ഒരു ലാബ് ടെക്നീഷ്യൻ തസ്തികയ്ക്കുള്ള ശമ്പളചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക ലഭിച്ചിട്ടില്ല.

ശിപാർശ

2210-01-110-99-01—ആശുപത്രികളും ഡിസ്പെൻസറികളും - ശമ്പളം

പുതിയ തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട ശമ്പളയിനത്തിലെ ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ

ഈ ശീർഷകത്തിൽ 672.12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2210-01-110-99-01—ആശുപത്രികളും ഡിസ്പെൻസറികളും ശമ്പളം ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റായി 1000 രൂപ അനുവദിച്ചു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പുതിയതായി സൃഷ്ടിച്ച ഈ തസ്തികകൾക്ക് കൂടിയുള്ള ശമ്പളം ഉൾപ്പെടുത്തിയാണ് ടി ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്.

<u>ശിപാർശ</u>

2210-01-110-99-05-1—<u>ആശുപത്രികളും ഡിസ്പെൻസറികളും-വെള്ളക്കരം</u>

2210-01-110-99-05-2—<u>വൈദ്യുതിചാർജ്ജ്</u>

വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99-05-1 എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപയും 2210-01-110-99-05-2 എന്ന ശീർഷകത്തിൽ 600 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

2210-01-110-99-05-1—ആശുപത്രികളും ഡിസ്പെൻസറികളും-വെള്ളക്കരം

2210-01-110-99-05-2—<u>വൈദ്യുത ചാർജ്ജ് എന്നീ ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം അധികതുക ലഭ്യമായിട്ടില്ല.</u>

<u>ശിപാർശ</u>

2210-03-103-99-01 —<u>പ്രാഥമിക ആരോഗ്യകേന്ദ്രം -ശമ്പളം</u>

പുതുതായി സൃഷ്ടിച്ച 48 ലാബ് ടെക്നീഷ്യൻ തസ്തികകൾക്കുള്ള ശമ്പള ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 445.55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2210-03-103-99-01—പ്രാഥമിക ആരോഗ്യ കേന്ദ്രം- ശമ്പള ശീർഷകത്തിൽ സപ്ലിമെന്ററി ഗ്രാന്റായി 2017-18 സാമ്പത്തിക വർഷത്തിൽ ആയിരം രൂപ 20-2-2018 -ൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പുതുതായി സൃഷ്ടിച്ച ഈ തസ്തികകൾക്ക് കൂടിയുള്ള ശമ്പളം ഉൾപ്പെടുത്തിയാണ് ടി ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്.

ശിപാർശ

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും, ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ

01-1—ശമ്പളം

പുതിയ ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതിനാൽ നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ, ഈ ശീർഷകത്തിൽ 4.04 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ/ജില്ല/താലൂക്ക് ആശുപത്രികൾ ഒഴികെ 01-1-ശമ്പളം ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അധികതുക ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പുതുതായി സൃഷ്ടിച്ച ഈ തസ്തികകൾക്ക് കൂടിയുള്ള ശമ്പളം ഉൾപ്പെടുത്തിയാണ് ടി ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്.

ശിപാർശ

2210-05-105-74-01—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം - ശമ്പളം

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികയുടെ ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 54.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2210-05-105-74-01—ശമ്പളം ശീർഷകത്തിൽ 2017-2018 സാമ്പത്തിക വർഷത്തിൽ അധിക തുക (54.57 ലക്ഷം രൂപ) വകയിരുത്തിയിട്ടില്ല.

ശിപാർശ

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നേഴ്സുമാരുടെയും പരിശീലനം

05-1—വെള്ളക്കരം

05-2—വൈദ്യുതി ചാർജ്ജ്

ആശുപത്രികളുടെ നവീകരണവും ആധുനിക ഉപകരണങ്ങളുടെ ഉപയോഗവുംമൂലം കൂടുതൽ അളവിൽ വൈദ്യുതിയും വെള്ളവും ഉപയോഗിക്കേണ്ടിവരുന്നതായി സമിതി മനസ്സിലാക്കുന്നു. വർദ്ധിച്ച നിരക്കിലുള്ള വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചാർജ്ജും ഈ ഇനത്തിലുള്ള കുടിശ്ശികയും അടയ്ക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2210-05-105-74-05-1 എന്ന ശീർഷകത്തിലും 2210-05-105-74-05-2 എന്ന ശീർഷകത്തിലും 1.5 ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

2210-05-105-74—ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും, നഴ്സുമാരുടെയും പരിശീലനം, 05-1-വെള്ളക്കരം, 05-2-വൈദ്യുതി ചാർജ്ജ് എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം അധിക തുക ലഭ്യമായിട്ടില്ല.

ശിപാർശ

2210-05-105-74-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

സർക്കാർ വർദ്ധിപ്പിച്ച് അനുവദിച്ച സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള ചെലവിനത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2210-05-105-74-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ശീർഷകത്തിൽ അധികമായി 1,70,39,000 രൂപ [ജി.ഒ (ആർ.റ്റി) നമ്പർ 951/2018/ഫിൻ. തീയതി 7-2-2018] അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

2210-05-105-89-01—ആതുര പരിചരണ ശാസ്ത്ര വിദ്യാലയം - ശമ്പളം

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർ തസ്തികകൾക്കുള്ള ശമ്പള ചെലവിനത്തിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5.45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2210-05-105-89-01—ആതുരപരിചരണ ശാസ്ത്ര വിദ്യാലയം-ശമ്പളം എന്ന ശീർഷകത്തിൽ 2017-2018 സാമ്പത്തിക വർഷത്തിൽ 5.45 ലക്ഷം രൂപ അധിക ധനമായി വകയിരുത്തിയിട്ടില്ല.

ശിപാർശ

2210-06-003-94—കൊല്ലത്തുള്ള ശാസ്താം കോട്ടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു നഴ്സിംഗ് സ്കൂൾ

01—ശമ്പളം

പുതുതായി സൃഷ്ടിച്ച നഴ്സിംഗ് ട്യൂട്ടർ തസ്തികയ്ക്കുള്ള ശമ്പള ചെലവിനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 71.42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2210-06-003-94-01—ശമ്പളം ശീർഷകത്തിൽ 2017-2018 സാമ്പത്തികവർഷത്തിൽ 71.42 ലക്ഷം രൂപ അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2210-06-107-99—പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ

01—ശമ്പളം

പുതുതായി സൃഷ്ടിച്ച എട്ട് ലാബ് ടെക്നീഷ്യൻമാരുടെ ശമ്പള ചെലവിനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 31.72 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2210-06-107-99—പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ 01-ശമ്പളം ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം സപ്ലിമെന്ററി ഗ്രാന്റായി 1000 രൂപ (എസ്.യു.പി.3 തീയതി 20-2-2018) ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പുതുതായി സൃഷ്ടിച്ച ഈ തസ്തികകൾക്ക് കൂടിയുള്ള ശമ്പളം ഉൾപ്പെടുത്തിയാണ് ടി ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ശിപാർശ

2210-05-105-98-34-3—അലോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം-മറ്റിനം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോട് അനുബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കും അവിടെ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപണികൾക്കും പുതിയ ജീവനക്കാരെ നിയമിക്കുമ്പോഴുണ്ടാകുന്ന ചെലവിനത്തിനുമായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 725 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോട് അനുബന്ധിച്ചുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ജീവനക്കാരെ നിയമിക്കുമ്പോഴുണ്ടാകുന്ന ചെലവിനത്തിനുമായി 1-6-2017-ലെ ജി.ഒ (ആർറ്റി.)നമ്പർ

4544/2017/ഫിൻ. പ്രകാരം 2210-05-105-98-34(3)-oc-plan ശീർഷകത്തിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

### ശിപാർശ

2210-06-102-99—ഭക്ഷ്യകാര്യഭരണം-97-വാഹനങ്ങളുടെ വാടക

ഓഫീസ് ആവശ്യത്തിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലെ സംസ്ഥാനതല ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ എൻഫോഴ്സ്മെന്റ് കാര്യങ്ങൾക്കും വകുപ്പിന്റെ പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉത്സവ സീസണുകളിലെ സ്ക്വാഡ് പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടക ഇനത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

### ശിപാർശ

2210-06-102-99—ഭക്ഷ്യകാര്യഭരണം-04-1-യാത്രാബത്ത

ഭക്ഷ്യസുരക്ഷാ കമ്മീഷണർ, സംസ്ഥാനതല ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്കും ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിൽ ജോലിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥർ, കേസ്സുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ എന്നിവർക്കും നൽകേണ്ട യാത്രാബത്ത ഇനത്തിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

### സ്വീകരിച്ച നടപടി

2210-06-102-99-04-1—യാത്രാബത്ത (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 20 ലക്ഷം രൂപ ഒഴികെ അധിക തുക ഒന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-102-99—ഭക്ഷ്യകാര്യ ഭരണം-05-ഓഫീസ് ചെലവുകൾ

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ 90 സർക്കിൾ ഓഫീസുകൾ പ്രവർത്തനമാരംഭിക്കുന്നതിനാൽ വൈദ്യുത, ടെലഫോൺചെലവുകൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-06-102-99-05-2 എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 2210-06-102-99-05-3 എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2210-06-102-99-05—ഓഫീസ് ചെലവുകൾ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 2-വൈദ്യുത ചെലവ്-4.1 ലക്ഷം രൂപ 3-ടെലഫോൺ ചെലവ്-85,000 രൂപ ഒഴികെ അധിക തുക ഒന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-102-99—ഭക്ഷ്യകാര്യഭരണം -06-വാടക, കരം, നികുതി

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിലുള്ള 80 ഓളം ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ ഓഫീസുകൾ എന്നിവ വാടകകെട്ടിടങ്ങളിലാണ് പ്രവൃത്തിക്കുന്നത്. ഇവയ്ക്ക് വാടക നൽകുന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

2210-06-102-99-06-വാടക, കരം, നികുതി (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 10 ലക്ഷം രൂപ ഒഴികെ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-102-99—ഭക്ഷ്യകാര്യഭരണം-21-1-വാഹനം വാങ്ങൽ

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഉദ്യോഗസ്ഥർക്ക് സഞ്ചരിക്കുവാനായി വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തിക വർഷം ടോക്കൺ പ്രൊവിഷൻ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

2210-06-102-99-21-1—വാഹനം വാങ്ങൽ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ 50 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും വാഹനം വാങ്ങുന്നതിനായി ബഡ്ജറ്റിൽ അധിക വിഹിതമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-06-107-98—ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ മൂന്ന് മേഖലാ ലാബുകളിലും എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ ഭാഗമായി അതിനൂതന ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ വൈദ്യുതി ഉപഭോഗവും ഇന്റർനെറ്റ് ഉപയോഗവും പതിൻമടങ്ങ് വർദ്ധിക്കും. ഈ സാഹചര്യത്തിൽ പ്രസ്തുത ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-06-107-98-05-2 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും 2210-06-107-98-05-3 എന്ന ശീർഷകത്തിൽ 50,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

2210-06-107-98—(നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 2 വൈദ്യുത ചെലവ്-10 ലക്ഷം രൂപ 3 ടെലഫോൺ ചെലവ്-35,000 രൂപ ഒഴികെ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

## ആയുഷ് വകുപ്പ്

### ഭാരതീയ ചികിത്സാ വകുപ്പ്

<u>ശിപാർശ</u>

2210-02-101-64—<u>വിദ്യാലയ ആരോഗ്യ പരിപാടികൾ</u>

വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് മൂന്ന് ജില്ലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ നാല്പ ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ചെലവുകൾക്കും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-02-101-65—<u>ജീവനിയും പുനർനവയും</u>

പ്രമേഹം ഒരു പ്രധാന ആരോഗ്യ പ്രശ്നമായി മാറുന്ന സാഹചര്യത്തിൽ പ്രമേഹ രോഗത്തെ ഫലപ്രദമായി തരണം ചെയ്യുന്നതിനും പ്രമേഹരോഗികളെ പുനരധിവസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് മൂന്ന് ജില്ലകളിൽ ആരംഭിച്ച പദ്ധതി നാല് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ ചെലവുകൾക്കും ബോധവൽക്കരണ പരിപാടികൾ, മരുന്നുകൾ, മറ്റ് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണം, നിലവാരം ഉയർത്തൽ, മരുന്നുവാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2210-05-101-84—മാനസികാരോഗ്യ ഗവേഷണ സ്ഥാപനം

04-1—യാത്രാബത്ത

കോട്ടയ്ക്കൽ മാനസികാരോഗ്യ ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2210-02-101-97—മറ്റാശുപത്രികളും ഡിസ്പെൻസറികളും

04-1—യാത്രാബത്ത

ആയുർവ്വേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്തയുടെ ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2210-02-191-50—കോർപ്പറേഷനുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ

2210-02-192-50—മുൻസിപ്പാലിറ്റികൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ

2210-02-197-50—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം -സാധനസാമഗ്രികൾ

ആയുർവ്വേദ ആശുപത്രികളിൽ ഭക്ഷണത്തിനായി നിലവിൽ ഒരു രോഗിക്ക് 30 രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ തുക തുലോം തുച്ഛവും അപര്യാപ്തവു മാണെന്നും ആയത് കാലാനുസൃതമായി വർദ്ധിപ്പിയ്ക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ആയുർവ്വേദ ആശുപത്രികളിൽ ഒരു രോഗിയുടെ ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്ന തുക 30 രൂപയിൽ നിന്നും 75 രൂപയായി വർദ്ധിപ്പിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

പ്രസ്തുത ശിപാർശ പരിഗണിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

പതിനാല് ജില്ലകളിൽ ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികൾക്കായുള്ള ഭക്ഷണം, കഷായം എന്നിവയ്ക്കും, ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള ഇന്ധന ചെലവിനും, സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും സമിതി ശിപാർശ ചെയ്ത പ്രകാരം വർദ്ധിപ്പിച്ച ഭക്ഷണ നിരക്ക് നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽപറഞ്ഞ ശീർഷകങ്ങളിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50—കോർപ്പറേഷനുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ
10 ലക്ഷം രൂപ

2210-02-192-50—മുൻസിപ്പാലിറ്റികൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ
160 ലക്ഷം രൂപ

2210-02-197-50—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം - സാധനസാമഗ്രികൾ
15·40 ലക്ഷം രൂപ

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

## ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

<u>ശിപാർശ</u>

2210-05-101-50—<u>ആയുർവ്വേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കൽ</u>

4210-03-101-82—<u>ആയുർവ്വേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കൽ</u>

ആയുർവ്വേദവും ആധുനിക ജൈവസാങ്കേതിക വിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും (ഐ.ആർ.ഐ.എ.) സ്ഥാപിക്കുന്നതിനും ലബോറട്ടറി ഉപകരണങ്ങൾ, മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി മൂലധന ശീർഷകത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പളം, മറ്റു ചെലവുകൾ തുടങ്ങിയ ഭരണപരമായ കാര്യങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-05-001-98-01—<u>ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം-ശമ്പളം</u>

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളുടെ ശമ്പള ചെലവിനത്തിനായി നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

## ആയുർവ്വേദ മെഡിക്കൽ കോളേജ്, ഒല്ലൂർ

2210-05-101-65—ഒല്ലൂർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നേരിട്ട് നൽകുന്നതിന്

ഒല്ലൂർ ആയുർവ്വേദ കോളേജിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളവും മറ്റ് അലവൻസുകളും കുടിശ്ശികയും നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ

12 —സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ആയുർവ്വേദ ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 20,000 രൂപയായും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പന്റ് 25,000 രൂപയായും വർദ്ധിപ്പിച്ചതിനാൽ നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

## ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ

4210-03-101-93 —സ്ഥലമെടുപ്പും കെട്ടിടനിർമ്മാണവും

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ സി.ഡി.ഐ.എം. മാർഗ്ഗനിർദ്ദേശ പ്രകാരവും എം.എസ്.ആർ. പ്രകാരവും ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ലാത്തതിനാൽ

പുതിയ അക്കാദമിക്ക് ബ്ലോക്ക് കെട്ടിട നിർമ്മാണം അടിയന്തരാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത നിർമ്മാണ ആവശ്യ ത്തിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

2210-05-101-79—<u>ഗവൺമെന്റ് ആയുർവ്വേദ കോളേജ്, കണ്ണൂർ</u>

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ കരം, നികുതി, തുടങ്ങി കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് നൽകുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-79-01-4—<u>മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് -7.25 ലക്ഷം രൂപ</u>

2210-05-101-79-04-1—<u>യാത്രാബത്ത -35,000 രൂപ</u>

2210-05-101-79-06—<u>വാടക, കരം, നികുതി-84,000 രൂപ</u>

2210-05-101-79-12—<u>സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും-50 ലക്ഷം രൂപ</u>

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

## ഹോമിയോ ചികിത്സാ വകുപ്പ്

<u>ശിപാർശ</u>

2210-02-001-95—<u>ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങൾ</u>

നടപ്പുസാമ്പത്തിക വർഷം ഹോമിയോപ്പതി ജില്ലാ കാര്യാലയങ്ങളുടെ ടെലഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ

2210-02-001-95-05-3 എന്ന ശീർഷകത്തിൽ 2.60 ലക്ഷം രൂപയും 2210-02-001-95-05-4 എന്ന ശീർഷകത്തിൽ 1.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ചനടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-02-102-99-04-1 —<u>ആശുപത്രികളും ഡിസ്പെൻസറികളും - യാത്രാബത്ത</u>

നടപ്പു സാമ്പത്തിക വർഷം ഹോമിയോ ചികിത്സാ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 1.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സ്വീകരിച്ചനടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-02-102-99-24—<u>സാധനസാമഗ്രികൾ</u>

ഹോമിയോ ആശുപത്രികളിൽ ഭക്ഷണത്തിനായി നിലവിൽ ഒരു രോഗിക്ക് 30 രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ തുക തുലോം തുച്ഛവും അപര്യാപ്ത വുമാണെന്നും ആയത് കാലാനുസൃതമായി വർദ്ധിപ്പിയ്ക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഹോമിയോ ആശുപത്രികളിൽ ഒരു രോഗിയുടെ ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്ന തുക 30 രൂപയിൽ നിന്നും 75 രൂപയായി വർദ്ധിപ്പിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പതിനാല് ജില്ലകളിൽ ഹോമിയോ സ്ഥാപനങ്ങളിലെ രോഗികൾക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം വർദ്ധിപ്പിച്ച ഭക്ഷണ നിരക്ക് നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ശിപാർശ

2210-05-102-98 —ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനും ദിവസവേതനക്കാരുടെ ശമ്പള ചെലവുകൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

2210-05-102-98-12—സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് - 53.52 ലക്ഷം രൂപ

2210-05-102-98-02-5—ദിവസവേതനം - 100 ലക്ഷം രൂപ

2210-05-102-98-34-2—വൈദ്യുതി ചെലവ് - 2.05 ലക്ഷം രൂപ

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2210-05-102-98-12—സ്കോളർഷിപ്പ് ആൻറ് സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 57.13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

2210-05-102-98-02-5—ദിവസവേതനം എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 15.12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

2210-05-102-98-34-2—വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല

## ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

### ശിപാർശ

2210-02-102-97—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട്

കോഴിക്കോട് ഹോമിയോപ്പതി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ടെലിഫോൺ ചാർജ്, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും എന്നിവ നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

2210-02-102-97-05-3—ടെലഫോൺ ചാർജ് - 10,000 രൂപ

2210-02-102-97-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും - 70 ലക്ഷം രൂപ

(ഖണ്ഡിക 50)

### സ്വീകരിച്ച നടപടി

2210-02-102-97-05-3—ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 4,000 രൂപ അനുവദിച്ചിട്ടുണ്ട്

2210-02-102-97-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 48.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

### ശിപാർശ

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജിലെ ദിവസവേതനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനും ജീവനക്കാരുടെ അവധി യാത്രാനുകൂല്യം, കോളേജിലെ ടെലഫോൺ ചാർജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവ നൽകുന്നതിനായും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ചുവടെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

2210-05-102-99-02-5 — ദിവസവേതനം - 20 ലക്ഷം രൂപ

2210-05-102-99-04-4 —അവധിയാത്രാനുകൂല്യം - 1 ലക്ഷം രൂപ

2210-05-102-99-05-3—ടെലഫോൺ ചാർജ് - 1 ലക്ഷം രൂപ

2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും - 50 ലക്ഷം രൂപ

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2210-05-102-99-02-5—ദിവസവേതനം എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 42.30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

2210-05-102-99-04-4—അവധിയാത്രാനുകൂല്യം എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 92,000 രൂപ അനുവദിച്ചിട്ടുണ്ട്

2210-05-102-99-05-3—ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 50,000 രൂപ അനുവദിച്ചിട്ടുണ്ട്

2210-05-102-99-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി 75.72 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

ഔഷധി

ശിപാർശ

4210-04-190-98—കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ

ഔഷധിയുടെ പ്രവർത്തനം കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നിലവിലെ ഫാക്ടറി, പി.എം. സ്റ്റോർ, പഞ്ചകർമ്മ ആശുപത്രി എന്നിവയുടെ നവീകരണത്തിനും ആർ & ഡി. വിഭാഗത്തിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും കണ്ണൂരിൽ ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനും കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് അസംസ്കൃത വസ്തുക്കൾ കഴുകി ഉണക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതിനും കോർപ്പറേഷന് ഭൂമി വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 4350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

ഹോംകോ

<u>ശിപാർശ</u>

2210-02-195-99 —<u>കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി (ലിമിറ്റഡ്) യ്ക്കുള്ള ധനസഹായം</u>

ഹോംകോയുടെ വികസനം, നിലവിലുള്ള ഫാക്ടറി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനം, തിരുവനന്തപുരത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഔഷധ നിർമ്മാണ യൂണിറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പദ്ധതികൾക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1050 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

## സംസ്ഥാന ഔഷധ സസ്യബോർഡ്, കേരളം

<u>ശിപാർശ</u>

2210-05-101-60—<u>സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, കേരളം</u>

സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി എല്ലാ വിദ്യാലയങ്ങളിലും ഔഷധത്തോട്ടം പദ്ധതി നടപ്പിലാക്കുന്നതിനും പൊതുജനങ്ങൾക്കും കർഷകർക്കും കൃഷി ചെയ്യുന്നതിനായി ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ തൈകൾ കുറഞ്ഞ നിരക്കിൽ/സൗജന്യമായി ലഭ്യമാക്കുന്നതിനും കേരളത്തിലെ എല്ലാ ഗൃഹങ്ങളിലും ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും ഓരോ തൈകൾ വീതം എത്തിക്കുന്നതിനുള്ള ഗൃഹചൈതന്യ പദ്ധതി നടപ്പിലാക്കുന്നതിനും വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 74 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

1187/2018.

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

## നാഷണൽ ഹെൽത്ത് മിഷൻ

<u>ശിപാർശ</u>

2210-06-101-19—<u>ദേശീയ ആരോഗ്യദൗത്യം -കേന്ദ്രാവിഷ്കൃതം (60:40)</u>

2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് 699.98 കോടി രൂപയുടെ എൻ.എച്ച്.എം. പദ്ധതിയാണ് കേന്ദ്രം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ 83.37 കോടി രൂപ കുടുംബക്ഷേമ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിനാൽ ബാക്കി തുകയായ 616.61 കോടി രൂപയാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി ആവശ്യമായി വരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ നടപ്പു സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 500 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആവശ്യമായ 11661 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം 1,500 രൂപയിൽ നിന്ന് 2,000 രൂപ ആയി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 2956.24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നത് 3410 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്

### ശിപാർശ

2210-80-190-99-36—സഹായധനം (ശമ്പളേതരം)

2011-12-ൽ ആരംഭിച്ച ഈ പദ്ധതിയുടെ മൂലധന ചെലവിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലെന്നും അതേ സമയം സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള അളവിൽ, യഥാസമയം ജീവൻരക്ഷാമരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ, കോർപ്പറേഷന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമെ മുൻവർഷങ്ങളിൽ ലഭിക്കാനുള്ള കുടിശ്ശിക തുകയായ 51258 ലക്ഷം രൂപയും മൂലധന ചെലവിനുള്ള 5000 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 56258 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

### സ്വീകരിച്ച നടപടി

നിലവിലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അധിക വിഹിതമായി നൽകുവാൻ ശിപാർശ ചെയ്തിട്ടുള്ള 56258 ലക്ഷം രൂപ തൽക്കാലം നൽകുവാൻ നിർവ്വാഹമില്ലായെന്നും ഘട്ടം ഘട്ടമായി ആവശ്യകതയ്ക്കനുസൃതമായി തുക അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

### ശിപാർശ

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മറ്റ് പദ്ധതികൾക്ക് പുറമെ യൂട്ടിലിറ്റി മന്ദിരത്തിന്റെ നിർമ്മാണം, സെനറ്റ് ഹാളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 740 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല

ശിപാർശ

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ -31- സഹായധനം - ശമ്പളം

മെഡിക്കൽ സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ ഈ സാമ്പത്തികവർഷം പര്യാപ്തമായ തുക വകയിരുത്തിയിട്ടില്ല എന്നും കഴിഞ്ഞ സാമ്പത്തിക വർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നടക്കം 9.03 കോടി രൂപ ശമ്പളയിനത്തിൽ ചെലവായിട്ടുള്ളതായും സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ 799.99 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

ഖണ്ഡിക 59 പ്രകാരം നോൺ പ്ലാൻ വിഭാഗത്തിൽ അധിക ധനസഹായത്തിനായി ആരോഗ്യ സർവ്വകലാശാല പ്രൊപ്പോസലുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസലുകൾ സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

ശിപാർശ

2210-05-001-93—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ -36-സഹായധനം- ശമ്പളേതരം

അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ, അദ്ധ്യാപക വിദ്യാർത്ഥി ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സജ്ജമാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന കോർപ്പസ് ഫണ്ടിനുവേണ്ടി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ഖണ്ഡിക 60 പ്രകാരം നോൺ പ്ലാൻ വിഭാഗത്തിൽ അധിക ധനസഹായത്തിനായി ആരോഗ്യ സർവ്വകലാശാല പ്രൊപ്പോസലുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസലുകൾ സർവ്വകലാശാലയിൽ നിന്നു ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

## റീജിയണൽ കാൻസർ സെന്റർ

ശിപാർശ

2210-05-105-52-31—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളം

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളേതരം

ആർ. സി. സി.-ലെ ജീവനക്കാർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ ശമ്പളസ്കെയിൽ പ്രകാരമുള്ള വേതനം നൽകുന്നതിനായും ആർ.സി.സി. നടപ്പിലാക്കിയ പെൻഷൻ പദ്ധതിയുടെ തൊഴിലുടമ വിഹിതമായി കോർപ്പസ് ഫണ്ടിൽ അടയ്ക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2210-05-105-52-31 എന്ന ശീർഷകത്തിൽ 1767 ലക്ഷം രൂപയും 2210-05-105-52-36 എന്ന ശീർഷകത്തിൽ 756 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി 2210-05-105-52-31 എന്ന ശീർഷകത്തിൽ പദ്ധതി യേതര ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 1767 ലക്ഷം രൂപയും 2210-05-105-52-36 എന്ന ശീർഷകത്തിൽ ശിപാർശ ചെയ്ത 756 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷവും അനുവദിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

## മലബാർ കാൻസർ സെന്റർ

ശിപാർശ

2210-05-200-96—മലബാർ കാൻസർ സെന്ററിനു സഹായം-31-സഹായധനം-ശമ്പളം

2210-05-200-96-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

2210-05-200-96-36—സഹായധനം-ശമ്പളേതരം

മലബാർ കാൻസർ സെന്ററിന് ന്യൂക്ലിയർ മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 700 ലക്ഷം രൂപയും ലബോറട്ടറി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 380 ലക്ഷം രൂപയും പി.എ.സി.എസ്. (പിക്ച്ചർ ആർച്ചീവിംഗ് & കമ്മ്യൂണിക്കേഷൻ സിസ്റ്റം) സംവിധാനം സജ്ജീകരിക്കുന്നതിലേക്കായി 20 ലക്ഷം രൂപയും ജനറൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 525 ലക്ഷം രൂപയും ചെലവ്

വരുമെന്ന് സമിതി വിലയിരുത്തുന്നു. നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് അപര്യാപ്തമായതിനാൽ, 1625 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

<u>ശിപാർശ</u>

2210-06-104-98—<u>മരുന്നുപരീക്ഷണശാല-06 -വാടക, കരം, നികുതി</u>

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കാര്യാലയങ്ങളുടെ വാടകക്കുടിശ്ശിക നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

2210-06-104-98-06 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2210-06-104-98-19 —<u>യന്ത്രോപകരണങ്ങൾ</u>

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മരുന്ന് പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 550 ലക്ഷത്തിലധികം രൂപ ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേക്ക് 400.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം അധികമായി തുക വകയിരുത്തിയിട്ടില്ല

ശിപാർശ

2210-06-104-98-21-1—മോട്ടോർ വാഹനങ്ങൾ- വാഹനം വാങ്ങൽ

ഡ്രഗ്സ് കൺട്രോൾ വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം അധികമായി തുക വകയിരുത്തിയില്ല എന്നാൽ 10 ലക്ഷം രൂപയ്ക്കകത്ത് വിലവരുന്ന ഒരു കാർ വാങ്ങുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അനുവാദം നൽകിയിട്ടുണ്ട്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

ശിപാർശ

2210-01-200-93—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തി പൊതുജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക വൽക്കരണം നടത്തുവാനായി ആവശ്യമുള്ള ഫർണിച്ചറുകൾ, ലബോറട്ടറി ഉപകരണങ്ങൾ മറ്റ് യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിക്കുന്നതിനുമുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിലേക്ക് പദ്ധതിയേതര അധികവിഹിതമായി 179.56 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

കേരള നിയമസഭയുടെ പന്ത്രണ്ടാം വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത പദ്ധതിയേതര അധിക വിഹിതമായ 179.56 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന് 2210-01-200-93 എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിയിട്ടില്ല.

## ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസ്)

ശിപാർശ

2210-05-200-95-31—മാനസികാരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം തുടങ്ങിയവയുള്ള പഠനകേന്ദ്രം - സഹായധനം -ശമ്പളം

ഇംഹാൻസിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും ഡയറക്ടറുടെയും ശമ്പളച്ചെലവിനത്തിനായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 39.79 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

15-2-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1150/2018/ധന പ്രകാരം 39,25,000 രൂപ ജനറൽ സാലറി ശീർഷകത്തിലും 12,51,000 രൂപ ജനറൽ നോൺ സാലറി ശീർഷകത്തിലും അനുവദിച്ചിട്ടുണ്ട്.

## ഐക്കോൺസ്

ശിപാർശ

സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്. ആർ. സി. സി. ഡി.)

2210-05-105-36

ഐക്കോൺസിന്റെ ഷൊർണ്ണൂർ സെന്ററിലെ അക്കാദമിക് ബ്ലോക്കിന്റെയും തിരുവനന്തപുരം സെന്ററിലെ ഐ.പി. ബ്ലോക്കിന്റെയും നിർമ്മാണത്തിനും വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെ സേവനത്തിനായുള്ള മാനവശേഷി സമാഹരണത്തിന്റെ ചെലവിനുമായി നടപ്പ് സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 257 ലക്ഷം രൂപയും അധിക വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക 2017-18 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ശിപാർശ

2211-00-800-93—ധനസഹായം - കേന്ദ്രാവിഷ്കൃത പദ്ധതി (60:40)

2016-17 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലേയും 2015-16 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിലെയും ധനസഹായം നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 180 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

2211-00-800-93 ധനസഹായം എന്ന 60:40 കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് 2017-18 സാമ്പത്തികവർഷം 180 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല

ശിപാർശ

2211-00-800-95—കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപ്പു സാമ്പത്തികവർഷം ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 64.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

2211-00-800-95-കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2017-18-ൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആകെ

62,27,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. (voted 60,00,000 charged 2,27,000/-) രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

### ശിപാർശ

2215-02-105-99 —ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ

ശമ്പള പരിഷ്കരണം, വേതന വർദ്ധനവ്, ഇന്ധനവില വർദ്ധനവ് എന്നീ കാരണങ്ങളാലും ജീവനക്കാരുടെ യാത്രാബത്ത, ദിവസവേതനക്കാരുടെ വേതനം എന്നിവ നൽകുന്നതിനും, മരുന്നുകളും കെമിക്കൽസും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും, ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. ഇക്കാര്യം വിശദമായി പരിശോധിച്ച സമിതി താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ അധികമായി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യുന്നു.

2215-02-105-99-45 (POL)—ഇന്ധനചെലവ്-1 ലക്ഷം രൂപ

2215-02-105-99-04-1—യാത്രാബത്ത-114 ലക്ഷം രൂപ

2215-02-105-99-24—സാധനസാമഗ്രികൾ-5 ലക്ഷം രൂപ

2215-02-105-99-34-3—മറ്റിനങ്ങൾ-6 ലക്ഷം രൂപ

(ഖണ്ഡിക 71)

### സ്വീകരിച്ച നടപടി

2215-02-105-99-45 (പി.ഒ.എൽ)—ഇന്ധന ചെലവ് ഒരു ലക്ഷം രൂപയിൽ 2215-02-105-99-04-1—യാത്രാബത്ത-114 ലക്ഷം 2215-02-105-99-24—സാധന സാമഗ്രികൾ-5-ലക്ഷം രൂപ മേൽ ശീർഷകങ്ങളിൽ അധികമായി ശിപാർശ ചെയ്ത തുകകൾ (2017-18) അനുവദിച്ച് തന്നിട്ടുണ്ട്. എന്നാൽ 2215-02-105-99-34-3—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ രണ്ട് ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം-(2236-പോഷകാഹാരം)

### ശിപാർശ

### 2236-02-101-99—പൊതുജനാരോഗ്യം പ്രയുക്ത പോഷകാഹാര പരിപാടികൾ

പ്രത്യേക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ എന്നീ ഇനങ്ങളിലെ മുൻവർഷത്തെ കുടിശ്ശിക ചെലവുൾപ്പെടെ നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2236-02-101-99-05-2—വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 95,000 രൂപയും 2236-02-101-99-05-3—ടെലഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ 4,000 രൂപയും 2236-02-101-99-05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

### സ്വീകരിച്ച നടപടി

2236-02-101-99-05-2—വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 95,000 രൂപയും 2236-02-101-99-05-3—ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ 4,000 രൂപയും 2236-02-101-99-05-4—മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3,000 രൂപയും അധികമായി അനുവദിച്ചിട്ടില്ല.

കെ. കെ. ശൈലജ ടീച്ചർ,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2018 ജൂൺ 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.